(സി) തെരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും ഹൈടെക് കൃഷി രീതി അവലംബിച്ച് സുരക്ഷിതമായ പച്ചക്കറിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും ഉറപ്പ് വരുത്തുക, എല്ലാ വീടുകളിലും സൗരോർജ്ജ പാനൽ, മഴവെള്ള സംഭരണി, ഉറവിട മാലിന്യ സംസ്കരണ യൂണിറ്റുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കി അതുവഴി പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തുക, വാഴ, പച്ചക്കറി എന്നിവയുടെ കൃഷി വ്യാപിപ്പിക്കുക, ഭക്ഷ്യ സുരക്ഷ, ജല സുരക്ഷ, ഊർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പ് വരുത്തുക, വൃത്തിയുള്ള പരിസ്ഥിതി-സൗഹൃദ ആവാസ വ്യവസ്ഥ ഉറപ്പുവരുത്തുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സ്ത്രീ ശാക്തീകരണം, കർഷക സമൂഹത്തിന്റെ ആദായം വർദ്ധിപ്പിക്കുക, അവരുടെ ജീവിത നിലവാരം ഉയർത്തുക, തെരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിനെയും ഓരോ മാതൃകാ ഹൈടെക് ഹരിതഗ്രാമങ്ങൾ ആക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

കാസർഗോഡ് ജില്ലയിലെ കാർഷിക വരുമാനം

279 (1720) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ കൃഷിത്തോട്ടങ്ങളിലെ കഴിഞ്ഞ മൂന്ന വർഷത്തെ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഉല്പന്നങ്ങളുടെ ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

അമ്പലപ്പുഴ മണ്ഡലത്തിലെ കൃഷി വകുപ്പ് ഓഫീസുകൾ

280 (1721) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ എത്ര ഓഫീസുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly